പെൻഷൻ കുടിശ്ശിക തീർക്കാൻ നടപടി

75 (6234) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ അനുവദിക്കുന്ന പെൻഷൻ സ്കീമുകളിൽ കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനമെടുക്കാനും പെൻഷൻ നൽകാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള പെൻഷൻ പദ്ധതികളിൽ 2 മുതൽ 4 മാസം വരെ കുടിശ്ശികയുണ്ട്.

(ബി) പുതിയ അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനമെടുക്കാനും പെൻഷൻ നൽകാനുമുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഐ.സി.ഡി.എസ്. ബ്ലോക്കുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

76 (6235) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ. സി. ഡി. എസ്. ബ്ലോക്കുകൾ വിഭജിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അംഗൻവാടികളുടെ എണ്ണം വളരെ വർദ്ധിച്ച സാഹചര്യത്തിൽ ഐ. സി. ഡി. എസ്. ബ്ലോക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരെ കൂടുതൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നാംഘട്ട ഐ.സി.ഡി.എസ്. വികസനത്തിന്റെ ഭാഗമായി 95 ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും അവയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly